www.prepp.in

Prepp
Your Personal Exams Guide

## SECTION A

**Q1.** **സന്ദർഭം, ആശയം, സാരസ്യം എന്നിവ വ്യക്തമാക്കുക. ഓരോ ഉത്തരവും നൂറ്റിയമ്പതുവാക്കിൽ കവിയരുത്.** *10×5=50*

(a) ചരനമൊടു പൊരുവതിനു വരിക വരികാരുംനീ
ചാകാന്നനാളല്ല ഞാനും പിറന്നിതു. *10*

(b) അതിനാലന്നു തുടങ്ങി മഹാമുനി
യവിടെപ്പൂകാൻ ഭാര്യയുമായേ
മനിമാനാകിയ മുനിവനെയിവിടെ
വരുന്നുവനിന്നിനിയെല്ലു തുനമുക്കും. *10*

(c) വട്ടത്തിൽ ചേർന്നടയ നുടലിൽ ചേരുമഴുച്ചോരിവെണ്ണും
മുട്ടക്കോരിക്കഴുകുമെ പാറും കുടിയ്ക്കും പ്രകാരം
വെട്ടിക്കീറിപ്പടയിലുടവാൾ കൊണ്ടുവേറിട്ടുകുറി-
ട്ടൊട്ടൊട്ടേടം രുപ പറവറിന്നം വിരുന്നൺമരുണ്ടോ ? *10*

(d) ചെറ്റയാം വിടൻ ഞാനിനിമേലിൽ
കഷ്ട മെങ്ങനെ കണ്ണാടി നോക്കും. *10*

(e) ചരിതാർത്ഥനയാർന്ന ദേഹിയിൻ

www.prepp.in

Prepp
Your Personal Exams Guide

**Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) പാട്ടുസാഹിത്യത്തിന്റെ സർവ്വലക്ഷണങ്ങളും തികഞ്ഞ കൃതിയാണ് രാമചരിതമെന്ന് പാഠഭാഗത്തെ മുൻനിർത്തി സ്ഥാപിക്കുക. *20*

(b) അമുറംബിതകല്പനകളുടെ തിളക്കവും ഭാവനാ വിലാസത്തിന്റെ മിന്നലാട്ടങ്ങളും ഉണ്ണുനീലിസന്ദേശത്തിൽ ദർശിക്കാം. കാവ്യത്തെ അനുധാവനം ചെയ്ത് വിലയിരുത്തുക. *15*

(c) ബാലകാണ്ഡത്തിലെ ഓരോ വരിയിലും നിറഞ്ഞു നിൽക്കുന്ന ഹൃദ്യമായ ശബ്ദ സുഖവും, ഗംഭീരമായ അർഥചമൽക്കാരങ്ങളും സോദാഹരണം ചൂണ്ടിക്കാട്ടുക. *15*

**Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) തച്ചനും, അച്ഛനും തമ്മിലുള്ള സംഘർഷത്തിന്റെയും ഏറ്റുമുട്ടലിന്റെയും വിക്ഷുബ്ധാവസ്ഥയും, അവസാനം തച്ചനും, അച്ഛനും സംഭവിക്കുന്ന പതനവും ഒരു മനഃശാസ്ത്രജ്ഞന്റെ ഉൾക്കാഴ്ചയോടെ ശങ്കരക്കുറുപ്പ് എങ്ങനെ വരച്ചുകാട്ടുന്നു ? *20*

(b) തീവണ്ടിയിലെ മകുടിയൂതുന്നയുവാവും, അവന്റെ ഗാനധാരയിൽ ആകൃഷ്ടയായി അരികിലെത്തുന്ന യുവതിയും, അവരുടെ വേർപാടും, മകുടിയുടെ ദഹനവുമെല്ലാം കാല്പനികസങ്കല്പങ്ങളുടെ നിരർഥകതയെയാണോ സൂചിപ്പിക്കുന്നത് ? *15*

Prepp
Your Personal Exams Guide

(c) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ തകർച്ച മനുഷ്യനും അവന്റെ ആവാസ വ്യവസ്ഥയ്ക്കും സംഭവിക്കുന്ന വിപത്തുകൾ, അത്യന്തികമായി ഭൂമിയുടെ സർവ്വനാശം - ഈ പ്രമേയങ്ങളിലൂടെ ഭാവിയുടെ ഒരു ദീർഘദർശനം നടത്തുകയാണ്, ഭൂമിക്കൊരു ചരമ ഗീതത്തിൽ ഓ.എൻ.വി വിശദമാക്കുക. 15

**Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) 'എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ' - ഈ വരികളുടെ ആർഥികവിവക്ഷകളിലൂടെ പണ്ടത്തെ മേശാന്തിയുടെ ഭാവാന്തരീക്ഷത്തെ വിശകലനം ചെയ്യുക. 20

(b) എഴുത്തച്ഛന്റെ യുദ്ധവർണ്ണനാപാടവം ഭീഷ്മപർവ്വത്തെ ആധാരമാക്കി വിശദമാക്കുക. 15

(c) ആധുനിക കവിതയെ നവഭാവുകത്വത്തിന്റെ പുതിയ മേച്ചിൽപുറങ്ങളിലേക്കു് എത്തിച്ചതിൽ അയ്യപ്പപ്പണിക്കർക്കും ആറ്റൂർ രവിവർമ്മയ്ക്കുമുള്ള പങ്കെന്ത് ? 15

www.prepp.in

Prepp
Your Personal Exams Guide

## SECTION B

**Q5. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതു വാക്കുകളിൽ കവിയരുത്.** *10×5=50*

(a) മുണ്ടശ്ശേരി, കേസരി, സഞ്ജയൻ എന്നിവർ ചങ്ങമ്പുഴയുടെ ജീവിതത്തിൽ എങ്ങനെയെല്ലാം സ്വാധീനം ചെലുത്തി ? *10*

(b) പാവം സാധുമാധവൻ അന്ധനായി പ്ളാറ്റ്ഫോമിൽ കുറെ നിന്നു. വണ്ടിയും പോയി. സ്വത്തുക്കൾ സകലവും അലഹബാദിലെ സബ്ബ് ജഡ്ജിയും പോയി. രാജ്യസഞ്ചാരത്തിനിടയിൽ മാധവനു സംഭവിച്ച ഏതു ദുര്യോഗത്തെയാണ് ഇതു ലേഖാകാരൻ സൂചിപ്പിക്കുന്നത് ? *10*

(c) കുറ്റാന്വേഷണം എന്ന വിഷയത്തെ, സി.ജെ. തോമസ് ക്രൈം നാടകത്തിൽ എങ്ങനെ സമർഥമായി ഉൾച്ചേർത്തിരിക്കുന്നു ? *10*

(d) 'അതോടു സത്തിയം എന്ന' - ഖസാക്കിലെ കഥാപാത്രങ്ങൾ നിരന്തരം അന്വേഷിക്കുന്ന ഈ 'സത്തിയ'ത്തിന് നോവലിന്റെ ഭാവഘടനയിലുള്ള സ്ഥാനമെന്ത് ? *10*

(e) 'ഇതാണ് കർണ്ണനെ മഹാത്മാവാക്കുന്ന ത്യാഗം എന്നു ഞാൻ പറയും' - ഏതു ത്യാഗത്തെയാണ് കുട്ടികൃഷ്ണമാരാർ സൂചിപ്പിക്കുന്നത് ? *10*

www.prepp.in

Prepp
Your Personal Exams Guide

**Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) ആൾക്കൂട്ടത്തെ തിളങ്ങുന്ന കണ്ണുകൾ കൊണ്ട് ഉഴിഞ്ഞനുഗ്രഹിച്ച്, കുമ്മാണി കുളത്തിന്റെ അടിത്തട്ടിലേക്ക് ധൈര്യത്തോടെ കുതിച്ച ചെറിയാട്ടി; അവളിലൂടെ സുകൃതം കാത്തുനിന്ന ഒരു സമൂഹത്തെത്തന്നെ പരിഹസിക്കുകയായിരുന്നു - സുകൃതം എന്ന കഥയെ ഈ കാഴ്ചപ്പാടിലൂടെ അപഗ്രഥിക്കുക. 20

(b) അമ്മുക്കുട്ടിയുമായുള്ള പ്രണയത്തെയും അതിന്റെ തകർച്ചയേയും വി.ടി. ഭട്ടതിരിപ്പാട് എങ്ങനെ വിവരിക്കുന്നു ? 15

(c) കറുത്തമ്മയും പരീക്കുട്ടിയും പളനിയും ചെമ്പൻകുഞ്ഞും സ്വന്തം ഇച്ഛകളുടെയും തൃഷ്ണകളുടെയും ശവപ്പറമ്പിൽ നഗ്നപാദരായി നടന്നവരാണ്. ആരും ഒന്നും നേടിയുമില്ല. ഈ നിരീക്ഷണം യുക്തിസഹമാണോ ? 15

**Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) അർഥ ഗഹനതയുള്ളതും ധ്വന്യാത്മകത നിറഞ്ഞതുമായ സംഭാഷണങ്ങളിലൂടെ പ്രമേയ ഗതിയെ മുന്നോട്ടുനയിക്കുക എന്ന രചനാതന്ത്രമാണ് വാനപ്രസ്ഥം എന്ന സമാഹാരത്തിലെ കഥകളുടെ അടിസ്ഥാന പ്രത്യേകത എന്നു പറയാമോ ? 20

(b) അച്ഛനും അമ്മയും വിരുദ്ധ ധ്രുവങ്ങളിലായിരുന്നു. വി.ടി. എങ്ങനെയാണ് അവരുടെ സ്വത്വങ്ങളെ വെളിവാക്കുന്നത് ? 15

(c) 'നേരേ ബലസ്യേതി ചരേദ ധർമ്മം' എന്ന മാർക്കണ്ഡേയവാക്യത്തിന് മാരാർ കണ്ടെത്തുന്ന അർഥവിവക്ഷകൾ വ്യക്തമാക്കുക. 15

www.prepp.in

Prepp
Your Personal Exams Guide

**Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) ചങ്ങമ്പുഴയെ വെള്ളപൂശുന്നില്ല; എന്നാൽ അമിതദോഷാരോപണവുമില്ല. നിഷ്പക്ഷതയും നിർമ്മമതയും പരമാവധി പുലർത്തുന്ന നക്ഷത്രങ്ങളുടെ സ്നേഹഭാജനം ജീവചരിത്ര രചനയിൽ ഒരു വഴിമാറി നടപ്പാണ് - പരിശോധിക്കുക. *20*

(b) കേവലമായ ഒരു ദുരന്ത പ്രേമകഥയുടെ തലത്തിൽ നിന്ന് ചെമ്മീൻ എന്ന നോവലിനെ ഉയർത്തുന്ന മിത്തിനെ വിശകലനം ചെയ്ത്, നോവലിന്റെ കാല്പനിക ഗൗരവത്തെയും, സൗന്ദര്യത്തെയും എങ്ങനെ ജ്വലിപ്പിക്കുന്നു എന്ന് വ്യക്തമാക്കുക. *15*

(c) ഹിഗ്വിറ്റയിലെ കാർമെൻ എന്ന കഥയിൽ കഥകളിയുടെയും ഇന്ത്യൻ ഗ്രഹസ്ഥിതിയുടെയും സാംസ്കാരികാന്തരീക്ഷവും, കാർമെന്റെ പെൺമനസ്സും എങ്ങനെ ഗാഢമായി ഉൾച്ചേർന്നിരിക്കുന്നു ? *15*